**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1876** **05-07-2022 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ കായികാഭിരുചി പോഷണത്തിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളിലെ കായികാഭിരുചി പരിപോഷിപ്പിക്കുന്നതിനും ശാരീരിക, മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; | (എ) | **കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.**<br><br>**ഹെൽത്തി കിഡ്സ്**<br><br>**കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റി-യുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്.**<br><br>**ഗോൾ**<br><br>**ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി.**<br><br>**ഹൂപ്സ്**<br><br>**സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്.**<br><br>**സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം**<br><br>**ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം** |

വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്.

<u>പഞ്ച്</u>

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ

<u>എലൈറ്റ് സ്കീം</u>

_മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നതോടൊപ്പം കൗൺസിലിലെ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകി വരുന്നുമുണ്ട്.

കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രീപ്രൈമറി മുതൽ ഉദ്ഗ്രഥിതമായും യു.പി.എച്ച്.എസ് ക്ലാസ്സുകൾ സ്വാതന്ത്രമായും എന്ന രീതിയിൽ ആരോഗ്യ കായിക പഠനം നടന്നുവരുന്നു. പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാർത്ഥികളിൽ കായിക അഭിരുചി വളർത്തുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി 38 കായികയിനങ്ങളിലായി സ്കൂൾ, സബ് ജില്ല,

| | | | |
|---|---|---|---|
| | | | **സംസ്ഥാന, ദേശീയ അന്തർദേശീയ തലം വരെ മത്സരിക്കാനുള്ള സാധ്യത ഉറപ്പ് നൽകുന്നു. കൂടാതെ പ്രൈമറി തലത്തിലെ കുട്ടികളെ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കായികാദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്.** |
| (ബി) | കളിസ്ഥലങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ പുതിയ കളിസ്ഥലങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | **കളിസ്ഥലങ്ങളില്ലാത്ത സ്കൂളുകളിൽ പുതിയ കളിസ്ഥലങ്ങൾ അനുവദിക്കുന്നതിന് പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്കൂളുകൾക്ക് വസ്തു വാങ്ങാൻ ലഭിക്കുന്ന പ്രൊപ്പോസലുകൾ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത കളിസ്ഥലങ്ങൾ അനുവദിച്ചതെന്നും ആയതിന്റ അടിസ്ഥാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഏറനാട് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്.** |
| (ഡി) | സ്കൂൾ കുട്ടികളുടെ ഇടയിൽ വെള്ളത്തിൽ മുങ്ങിയുള്ള മരണങ്ങൾ കൂടുതലായി കണ്ടുവരുന്നതിനാൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | **ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.**<br><br>**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നീന്തൽ പരിശീലന പദ്ധതി പ്രകാരം തൃശ്ശൂർ, പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സുകൾ, നന്ദിയോട് സ്വിമ്മിംഗ് പൂൾ, എം.എ.കോളേജ് കോതമംഗലം, കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിൽ നടക്കാവ് ഈസ്റ്റ് സ്വിമ്മിംഗ് പൂൾ, എന്നിവിടങ്ങളിൽ വിദഗ്ദ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നീന്തൽ പ്രാവീണ്യമുള്ള പത്താം ക്ലാസ്സ് പാസായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് രണ്ട് മാർക്ക് ബോണസ് മാർക്കായി നൽകി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ